## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6887 02/11/2011-ൽ മറുപടിയ്ക്ക്

## കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ട്

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(എ) ഭൂമി നൽകുന്നവർക്ക് ന്യായമായ വില ലഭിക്കുവാനും ഒഴിപ്പിക്കലിന്റെ പേരിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാനും റവന്യൂ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ട് സമ്പ്രദായത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ബോണ്ട് സംവിധാനത്തിന്റെ നടത്തിപ്പിനായി കേരള ഭൂവിനിയോഗ ബാങ്ക് രൂപീകരിക്കുമോ ;

(ഡി) എങ്കിൽ നിയമനിർമ്മാണത്തിലൂടെ ആയിരിക്കുമോ ഇതിന് രൂപം നൽകുക ;

(ഇ) ഇൻഫ്രാസ്ട്രക്ചർ ബോണ്ടിനു പുറമെ ലാന്റ് യൂട്ടിലിറ്റി ബോണ്ടും ഇറക്കുന്ന കാര്യം ബാങ്കിന്റെ പരിഗണനയിൽ വരുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു: റവന്യൂ വകുപ്പ് മന്ത്രി)

(എ),(ബി),(സി),(ഡി) &(ഇ)
പുനരധിവാസത്തിന് വ്യവസ്ഥകളില്ലാത്തിനാലും, നഷ്ടപരിഹാരം തീരെ അപര്യാപ്തമായതുകൊണ്ടും സംസ്ഥാനം ഇപ്പോൾ പിൻതുടരുന്ന ഭൂമി ഏറ്റെടുക്കൽ നയത്തിനെതിരെ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വിപരീത ഫലങ്ങൾ കുറയ്ക്കുന്നതിനും, ഭൂദാതാക്കളുടെ സാമൂഹികവും, സാമ്പത്തികവുമായ അന്തസ്സ് നിലനിറുത്തുന്നതിനുമായി പൊതുവായ പുനരധിവാസ, പുനക്രമീകരണ നയത്തിന് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ സമീപ പ്രദേശങ്ങൾ വികസിക്കുന്നതിന്റെ ഗുണഫലങ്ങൾ ഭൂമി നൽകുന്നവർക്ക് ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇത് പരിഹരിക്കാനായി ഭൂ ഉടമയുടെ സമ്മതത്തോടെ അവർക്ക് ഭൂമിയുടെ വിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായ വില ലഭിക്കുന്ന രീതിയിൽ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ നൽകുന്ന കാര്യം പുതിയ നയത്തിൽ പരിഗണിക്കുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്രമായ പുനരധിവാസ പുനക്രമീകരണ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.